പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2167

11/02/2020 ൽ മറുപടി നല്കേണ്ടത്.

## ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി ആരംഭിക്കുന്നതെന്നും, എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം ശംഖ്മുഖം ബീച്ചിലും, ആലപ്പുഴ ബീച്ച് പരിസരത്തും, എറണാകുളം ഫോർട്ട് കൊച്ചിയിലുമാണ് ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി ആരംഭിക്കുന്നതിന് പരിഗണനയിലുള്ളത്. ഇക്കാര്യത്തിൽ തെരെഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ സഹായസഹകരണങ്ങൾ കൂടി ലഭ്യമാക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ ഇത്തരം പദ്ധതികൾ കേരളത്തിൽ വിജയകരമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (ബി) | 50 മുതൽ 70 വരെ തട്ടുകടകളെയും ചെറുകിട ലഘു ഭക്ഷണശാലകളെയും കോർത്തിണക്കിക്കൊണ്ട് വൃത്തിയും ശുചിത്വവും ഭക്ഷ്യസുരക്ഷാമാനദണ്ഡങ്ങളും ഉറപ്പു വരുത്തി തദ്ദേശീയരും അന്തർദ്ദേശീയരുമായ വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് തനതായ കേരളീയ ഭക്ഷണം ഉറപ്പുവരുത്തുക എന്നതാണ് Clean Street Food Hub പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ